പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 106** **15-10-2026-ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഡിജിറ്റൽ സർവേ പുനരാരംഭിക്കുമ്പോൾ വ്യക്തമായി അതിരുകൾ നിർണയിക്കാത്ത ഭൂമികളിൽ സർവ്വേ സമയത്ത് ഭൂവുടമകളുടെ സാന്നിധ്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** അതിരുകൾ വ്യക്തമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്ത ഭൂമികളിൽ ഭൂവുടമകളുടെ സാന്നിധ്യമില്ലാതെ ഏകപക്ഷീയമായി സർവെ നടപടികൾ നടത്തുന്നത് ഭാവിയിൽ തർക്കങ്ങൾക്കും പരാതികൾക്കും ഇടയാക്കാൻ സാധ്യതയുണ്ട്. ആയതിനാൽ, ഭൂവുടമകളുടെ സാന്നിധ്യം ഉറപ്പാക്കാതെ ഇത്തരം ഭൂമികളിൽ യാതൊരു കാരണവശാലും സർവെ നടപടികളുമായി മുന്നോട്ട് പോകരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കൃത്യമായി പാലിച്ചുകൊണ്ടായിരിക്കും ഡിജിറ്റൽ സർവെ 2.0 ൽ സർവെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. സംസ്ഥാന വ്യാപകമായി നടക്കുന്ന ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനും, ILIMS (Integrated Land Information Management System) വഴിയുള്ള പരാതി പരിഹാരം സമയബന്ധിതമായി പൂർത്തിയാക്കി സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ "Zero LRM" കൈവരിക്കുന്നതിനും മുൻഗണന നൽകി ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ കൂടുതൽ കുറ്റമറ്റതും ജനസൗഹൃദവും കാര്യക്ഷമവുമായ രീതിയിൽ നടപ്പിലാക്കുന്നതിനായി വിവിധ തലങ്ങളിൽ നടപടി സ്വീകരിച്ച് വരുന്നു.

കൂടാതെ, സർവെയർമാരുടെ ഫീൽഡ് തല സന്ദർശന തീയതികൾ മുൻകൂട്ടി അറിയിക്കുന്നതിനും, ഭൂവുടമകളുടെ സാന്നിധ്യം ഉറപ്പാക്കുവാനും, ബോധവൽക്കരിക്കുന്നതിനായി വിപുലമായ IEC (Information, Education and Communication) പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ സർവെ 2.0-ൽ പ്രത്യേക മുൻഗണന നൽകുന്നുണ്ട്.

**(ബി)** വിസ്തൃതിയിലോ അതിരുകളിലോ വ്യത്യാസം കണ്ടാൽ അന്തിമ വിജ്ഞാപനത്തിന് മുമ്പ് ഉടമയെ അറിയിച്ച് മാറ്റങ്ങൾ വരുത്തുമോ; വ്യക്തമാക്കുമോ;

**മറുപടി:** സർവെ വിവരങ്ങളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നതിനായി, സർവെ നടപടികൾ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യമായ ഇടങ്ങളിൽ രണ്ടാമതും ഫീൽഡ് സന്ദർശനം (Re-verification) നടത്തി വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന്

ഫീൽഡ് ജീവനക്കാർക്ക് നിർദേശം നല്കിയിട്ടുണ്ട്. ഡിജിറ്റൽ സർവെ പൂർത്തിയാക്കിയതിനെ തുടർന്ന് ഭൂമിയുടെ വിസ്തൃതിയിലോ അതിരുകളിലോ കുറവോ കൂടുതലോ ഉൾപ്പെടെ എന്തെങ്കിലും തരത്തിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുന്ന പക്ഷം, അത്തരം വ്യത്യാസങ്ങളുടെ വിവരം അന്തിമ വിജ്ഞാപനത്തിന് മുൻപായി ഭൂവുടമകളെ നേരിട്ട് അറിയിക്കുന്നതാണ്. കൂടാതെ, രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അന്തിമ വിജ്ഞാപനത്തിന് (സെക്ഷൻ 13) മുൻപായിത്തന്നെ അവ പരിശോധിച്ച് പരാതികൾ നല്കുന്നതിനും നിയമപരമായ രീതിയിലുള്ള Original Land Complaint, Appeal Land Complaint പ്രത്യേകമായി Pre 9(2) exhibition ക്യാമ്പുകൾ എന്നിവ തിരുത്തലുകൾ വരുത്തുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട് .

**(സി)** സർവേ ജീവനക്കാർക്ക് പ്രൊഫഷണൽ ഏജൻസികളുടെ സഹായത്തോടെ പ്രായോഗിക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** നിലവിൽ ജീവനക്കാർക്ക് സർവെ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കേരള (STIK) വഴി ആധുനിക സർവെ സംബന്ധിച്ച പരിശീലനം നൽകിവരുന്നു. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പരാതികൾക്ക് പ്രധാന കാരണങ്ങളിലൊന്ന് ഫീൽഡ് ജീവനക്കാർക്ക് ലഭിക്കുന്ന പരിശീലനത്തിൻ്റെ അപര്യാപ്തതയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ട്. ആയതിനാൽ, സർവെ നടപടിക്രമങ്ങൾ, അത്യാധുനിക സർവെ സാങ്കേതിക ഉപകരണങ്ങളുടെ (RTK, ETS മുതലായവ) ഉപയോഗം, ഭൂവുടമകളുമായുള്ള ആശയവിനിമയവും ഇടപെടലുകളും തുടങ്ങിയ വിഷയങ്ങളിൽ ജീവനക്കാർക്ക് ഉയർന്ന നിലവാരത്തിലുള്ള പ്രായോഗിക പരിശീലനം ഉറപ്പാക്കുന്നതാണ്. ഇതിനായി പരിശീലന രംഗത്ത് വൈദഗ്ധ്യവും പ്രാവീണ്യവുമുള്ള പ്രൊഫഷണൽ ഏജൻസികളുടെ സഹായത്തോടെ സമഗ്രമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, പരിശീലനത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും കൃത്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**